**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1892** **31-08-2022 - ൽ മറുപടിയ്ക്ക്**

**ലോക വ്യാപാര സംഘടനയുടെ മത്സ്യബന്ധന മേഖലയിലെ നിർദേശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ചിരുന്ന സബ്സിഡികൾ നിർത്തലാക്കണമെന്ന ലോക വ്യാപാര സംഘടനയുടെ നിർദേശം കേന്ദ്ര സർക്കാർ അംഗീകരിച്ചതോടെ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | നിയമവിരുദ്ധവും റിപ്പോർട്ട് ചെയ്യാത്തതും അനിയന്ത്രിതവുമായ മത്സ്യബന്ധന ത്തിനുള്ള സബ്സിഡികൾ ഇല്ലാതാക്കുന്നത് ഉൾപ്പെടെയുള്ള ഡബ്ല്യു.ടി.ഒ ചർച്ചകൾ ആഗോളതലത്തിൽ മത്സ്യസമ്പത്ത് സംരക്ഷിക്കാനുള്ള വഴികൾ കണ്ടെത്തുന്നതിനു വേണ്ടിയാണെന്ന് അവകാശപ്പെടുന്നു. എന്നാൽ WTO Site-ലും, 17/06/2022 ലെ മന്ത്രിതലയോഗ തീരുമാനത്തിലും, കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായിട്ടുള്ള കരാറിന്റെ പകർപ്പിൽ നിന്നും വ്യക്തമാവുന്ന കാര്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ആർട്ടിക്കിൾ (3.1) പ്രകാരം നിയമവിരുദ്ധമായും, റിപ്പോർട്ട് ചെയ്യ പ്പെടാത്തതും നിയന്ത്രിക്കപ്പെടാത്തതുമായ മാർഗ്ഗങ്ങളിലൂടെ മത്സ്യ ബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക്/ യാനങ്ങൾക്ക് സബ്സിഡി നൽകുന്നത് തടയണമെന്നതാണ് പൊതുവായ തീരുമാനം.<br><br>2. ആർട്ടിക്കിൾ (3.8) പ്രകാരം വികസ്വര രാജ്യങ്ങളിലും, Least Developed രാജ്യങ്ങളിലും പ്രത്യേക സാമ്പത്തിക മേഖല (EEZ) - യ്ക്കുള്ളിൽ രണ്ട് വർഷത്തേക്ക് മേൽപ്പറഞ്ഞ ആർട്ടിക്കിൾ 3.1, ആർട്ടിക്കിൾ 10 എന്നിവ പ്രകാരമുള്ള തീരുമാനം നടപ്പിലാക്കുന്നത് ഒഴിവാക്കിയിട്ടുണ്ട്.<br><br>3. ആർട്ടിക്കിൾ (4.1) പ്രകാരം ഏതെങ്കിലും ഒരു പ്രത്യേക സ്പീഷീസിൽപ്പെട്ട മത്സ്യം അതിന്റെ പിടിച്ചെടുക്കാവുന്ന അളവിനേക്കാൾ കൂടുതൽ പിടിക്കുന്ന (Over Fished stocks) തരം മത്സ്യബന്ധനം നടത്തുന്ന യാനങ്ങൾക്ക് സബ്സിഡി അനുവദിക്കാൻ പാടില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | എന്നാൽ ആർട്ടിക്കിൾ (4.4) പ്രകാരം വികസ്വര രാജ്യങ്ങളിലും Least Developed രാജ്യങ്ങളിലും പ്രത്യേക സാമ്പത്തിക മേഖലക്കുള്ളിൽ (EEZ) രണ്ട് വർഷത്തേക്ക് ഈ തീരുമാനം നടപ്പിലാക്കുന്നത് ഒഴിവാക്കിയിട്ടുണ്ട്. സാധാരണ രണ്ട് വർഷത്തിലൊരിക്കലാണ് WTO-യുടെ മന്ത്രിതല യോഗം നടക്കാറുള്ളത്. നിലവിൽ ഇന്ത്യ ഉൾപ്പെടെയുള്ള വികസ്വര രാജ്യങ്ങളുടെ EEZ-ൽ മന്ത്രിതലയോഗ തീരുമാനങ്ങൾ നടപ്പിലാക്കുന്നത് രണ്ട് വർഷത്തേക്ക് ഒഴിവാക്കിയിട്ടുള്ളത്കൊണ്ട് മത്സ്യ മേഖലയിൽ ഇതിനകം ഉയർന്നു വന്നിട്ടുള്ള ആശങ്കകൾക്ക് താൽക്കാലിക ശമനം ഉണ്ടായിട്ടുണ്ട്. ഇന്ത്യ ഉൾപ്പെടെയുള്ള വികസ്വരരാജ്യങ്ങളുടെ ശക്തമായ എതിർപ്പിനെ തുടർന്നാണ് 2 വർഷത്തേക്ക് ഇങ്ങനെ ഒരു തീരുമാനം ഉണ്ടായതെന്നാണ് മനസ്സിലാക്കുന്നത്. |
| (ബി) | കേരളത്തിലെ പത്തുലക്ഷത്തിൽ അധികം വരുന്ന മത്സ്യത്തൊഴിലാളികളുടെ വരുമാനത്തെ ബാധിക്കുന്ന ലോക വ്യാപാര സംഘടനയുടെ തീരുമാനത്തെ പൂർണതോതിൽ നടപ്പിലാക്കാൻ ശ്രമിക്കുന്ന കേന്ദ്ര സർക്കാർ നടപടി പ്രതിരോധിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | സമൂഹത്തിൽ ഏറ്റവും അധികം പിന്നോക്കാവസ്ഥയിൽ ഇപ്പോഴും നിലകൊള്ളുന്ന മത്സ്യത്തൊഴിലാളി സമൂഹത്തിന് നിലവിൽ നൽകി ക്കൊണ്ടിരിക്കുന്ന സബ്സിഡി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ഇനിയും തുടരണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. ഇക്കാര്യം കേന്ദ്ര സർക്കാരിനെ രേഖാമൂലം അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | കടലിന്റെ ആവാസ വ്യവസ്ഥയെ തകർക്കുന്ന തരത്തിലുള്ള വിദേശ ട്രോളറുകൾ കേരള തീരത്ത് ട്രോളിംഗ് നടത്തുന്നതുമൂലം മത്സ്യസമ്പത്തിനുണ്ടാകുന്ന നാശവും മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന വരുമാന നഷ്ടവും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | കേരളതീരത്ത് വിദേശ ട്രോളറുകളുടെ മത്സ്യബന്ധനം തടയുന്നതിന് KMFR Act കാലോചിതമായി ഭേദഗതി വരുത്തുകയും ആയത് നടപ്പിലാക്കുന്നതിനാവശ്യമായ ചട്ടങ്ങൾ രൂപീകരിക്കുകയും ചെയ്തു. ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും സംയുക്തമായി കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുകയും നിയമ ലംഘകർക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. കേരള തീരത്ത് വിദേശ ട്രോളറുകളുടെ മത്സ്യബന്ധനം നിർത്തലാക്കുന്നതിനായി കേന്ദ്ര സർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി 2018 ൽ കേന്ദ്ര സർക്കാർ വിദേശ യാനങ്ങൾക്ക് നൽകിയിരുന്ന LOP (Letter of permit) നിർത്തലാക്കിയിട്ടുണ്ട്. |
| (ഡി) | കേരളതീരത്ത് വിദേശ ട്രോളറുകൾ മത്സ്യബന്ധനം നടത്തുന്നത് നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) | കേരളതീരത്ത് വിദേശ ട്രോളറുകളുടെ മത്സ്യബന്ധനം തടയുന്നതിന് KMFR Act കാലോചിതമായി ഭേദഗതി വരുത്തുകയും ആയത് നടപ്പിലാക്കുന്നതിനാവശ്യമായ ചട്ടങ്ങൾ രൂപീകരിക്കുകയും ചെയ്തു. ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും സംയുക്തമായി കടൽ പട്രോളിംഗ് |

| | | | |
|---|---|---|---|
| | | | ശക്തിപ്പെടുത്തുകയും നിയമ ലംഘകർക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. കേരള തീരത്ത് വിദേശ ട്രോളറുകളുടെ മത്സ്യബന്ധനം നിർത്തലാക്കുന്നതിനായി കേന്ദ്ര സർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി 2018 ൽ കേന്ദ്ര സർക്കാർ വിദേശ യാനങ്ങൾക്ക് നൽകിയിരുന്ന LOP (Letter of permit) നിർത്തലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ